പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1119

04/12/2014 ലെ മറുപടിക്ക്

എയ്ഡഡ് സ്കൂളുകളിൽ കണക്കിൽ കൃത്രിമം കാണിച്ച് അദ്ധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.കെ.എസ്. സലീഖ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ കണക്കിൽ കൃത്രിമം കാണിച്ച് കൂടുതൽ അദ്ധ്യാപകരെ മാനേജ്മെന്റ് നിയമിച്ച ശേഷം അവരെ അധ്യാപക ബാങ്കിലെ അംഗങ്ങളാക്കുകയും അതിനുശേഷം ജോലി സമ്പാദിക്കുകയും ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും കോഴിക്കോട്ടും ഓരോ സൂപ്പർ ചെക്ക് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഇത്തരം തട്ടിപ്പു വഴി 2013-14, 2014-15 അധ്യയന വർഷങ്ങളിൽ ഖജനാവിനുണ്ടാവുന്ന നഷ്ടം എത്ര തുകയാണ്; | (സി) | 2013-14 വർഷം പുതിയ തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടില്ല. 2014-15 വർഷം യു.ഐ.ഡി യുടെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തിയത്. ആയതിൽ തെറ്റുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നഷ്ടം ഈടാക്കുന്നതാണ്. |
| (ഡി) | 2014-15 അധ്യയന വർഷം എത്ര കുട്ടികളെ വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രധാന അധ്യാപകർ ഉൾപ്പെടെയുള്ള അധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചു വ്യക്തമാക്കുമോ; | (ഡി) | 2014 -15 അദ്ധ്യയന വർഷം വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്ത കുട്ടികളുടെ എണ്ണം പൂർണ്ണമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ സൂപ്പർചെക്ക് സെൽ പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതായി ബോധ്യപ്പെട്ട രണ്ട് സ്കൂളുകളായ കുട്ടച്ചൽക്കുഴി എസ്.എൻ.യു.പി.എസ്, എം.സി.എച്ച്.എസ് കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം കുട്ടികളുടെ കള്ളക്കണക്കിന്റെ പേരിൽ തട്ടിയെടുത്ത തുക എപ്രകാരം തിരിച്ചുപിടിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ഇ) | സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെയും വ്യാജമായി ഹാജർ ഇടുന്ന ക്ലാസ് ടീച്ചർമാരുടെയും ബാധ്യതയായി തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | ഇത്തരം ക്രമക്കേടിന് കൂട്ടുനിൽക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | അന്വേഷണ വിധേയമായി കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ